പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3752 19.02.2013-ൽ മറുപടിയ്ക്ക്

## സ്പോർട്സ് ക്വാട്ടയിൽ നിയമനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സ്പോർട്സ് ക്വാട്ടയിൽ ജോലി നൽകാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (എ) 22.08.1985 -ലെ സ.ഉ.(പി)361/85/പൊ.ഭ.വ എന്ന ഉത്തരവ് പ്രകാരം സ്പോർട്സ് ക്വാട്ടാ നിയമനത്തിനായുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത് താഴെ പറയുന്നവയാണ്.<br>വിജ്ഞാപനപ്രകാരം നീക്കിവച്ചിരിക്കുന്ന ഒഴിവുകളിലേയ്ക്ക് ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ് തുടങ്ങിയ അന്താരാഷ്ട്ര മത്സരങ്ങളിൽ രാജ്യത്തെ പ്രതിനിധീകരിച്ചിട്ടുള്ളവർ, ദേശീയ തലത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സമ്മാനാർഹരായവർ, അന്തർ സംസ്ഥാന യൂണിവേഴ്സിറ്റി മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയവർ, സംസ്ഥാനതല മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയിട്ടുള്ളവർ തുടങ്ങിയ കായികനേട്ടങ്ങൾ കൈവരിച്ചിട്ടുള്ള മികവുറ്റ കായികതാരങ്ങളെയാണ് സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി പരിഗണിക്കുന്നത്<br>ഇവർക്ക് ജോലിക്ക് അനുസൃതമായ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും ഉണ്ടായിരിക്കണം.<br>എല്ലാ വർഷവും 20 കായികതാരങ്ങൾക്കാണ് ഇപ്രകാരം നിയമനം നൽകിയിരുന്നത്. എന്നാൽ 17.07.2009 -ലെ സ.ഉ.(പി)170/09/പൊ.ഭ.വ പ്രകാരം ഇത് 50 ആയി ഉയർത്തിയിട്ടുണ്ട്. |

പൊതുഭരണ വകുപ്പ് സെക്രട്ടറി ചെയർമാനും, സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്, സംസ്ഥാന പോലീസ് മേധാവി, ഡയറക്ടർ ഓഫ് എംപ്ലോയ്മെന്റ്, പ്രസിഡന്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എന്നിവർ അംഗങ്ങളുമായ സെലക്ഷൻ കമ്മിററിയാണ് കായിക താരങ്ങളുടെ തിരഞ്ഞെടുപ്പിന് മേൽനോട്ടം വഹിക്കുന്നത്.

സജീവ കായികരംഗത്ത് തുടരുന്ന കായികതാരങ്ങളെ സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കുകയും സജീവകായികരംഗത്ത് നിന്നും വിരമിക്കുന്ന മുറയ്ക്ക് അവരെ റഗുലർ തസ്തികയിൽ നിയമിക്കുകയും ചെയ്യും.

സജീവകായികരംഗത്ത് നിന്നും വിരമിച്ചവരെ റഗുലർ തസ്തികയിലേക്കുതന്നെ നേരിട്ട് നിയമനം നൽകുന്നു.

സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകുന്നവർക്ക് കായിക പരിശീലനത്തിനുള്ള സൗകര്യം കേരള സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ അതാത് വകുപ്പ് മേധാവികൾ കൈക്കൊള്ളുന്നതായിരിക്കും.

ഒരു വർഷം സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി തിരഞ്ഞെടുക്കുന്ന സജീവകായികരംഗത്ത് നിന്ന് വിരമിച്ച കായികതാരങ്ങളുടെയും സജീവകായികരംഗത്ത് തുടരുന്ന കായികതാരങ്ങളുടെയും എണ്ണവും നിയമനം നൽകുന്ന വകുപ്പുകളും സർക്കാർ തീരുമാനിക്കുന്നതാണ്.

സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന ഒഴിവുകളേയും പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതകളെയും, കായികരംഗത്ത് മികച്ചനേട്ടം കൈവരിച്ചിട്ടുള്ള കായികതാരങ്ങൾക്ക് നൽകുന്ന വിദ്യാഭ്യാസ യോഗ്യത ഇളവുകളെക്കുറിച്ചും നിയമനം നൽകുന്ന വകുപ്പുകളെക്കുറിച്ചും കാലാകാലങ്ങളിൽ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

സർക്കാർ സർവ്വീസുകൾക്ക് ബാധകമായ കെ.എസ്.ആന്റ് എസ്സ്.എസ്സ്.ആർ 1958, പ്രായം, പ്രൊബേഷൻ എന്നിവ സംബന്ധിച്ചുള്ള സ്പെഷ്യൽ റൂൾസ് തുടങ്ങിയവ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കും ബാധകമായിരിക്കും. എന്നാൽ സംവരണം സംബന്ധിച്ചുള്ള നിയമങ്ങളൊന്നും തന്നെ ബാധകമായിരിക്കില്ല.

കെ.എസ്.ആന്റ് എസ്സ്.എസ്സ്.ആർ 1958 പാർട്ട് II ജനറൽ റൂൾ 9 (a) (i) പ്രകാരം ഉദ്യോഗാർത്ഥികൾക്ക് ആദ്യം താൽക്കാലിക തസ്തികയിൽ നിയമനം നൽകുകയും പിന്നീട് ആവശ്യമായ രേഖകൾ പരിശോധിച്ച് നിയമനം ക്രമപ്പെടുത്തുകയും ചെയ്യും.

സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ നടത്തുന്നത് ഓരോ കലണ്ടർ വർഷത്തെ അടിസ്ഥാന മാക്കിയാകുന്നു.

| | | | |
|---|---|---|---|
| (ബി) | ഇത് സംബന്ധിച്ച എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നറിയിക്കുമോ ? | (ബി) | സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കായി പുറപ്പെടുവിച്ച ഏറ്റവും അവസാനത്തെ വിജ്ഞാപനമായ 04.09.2010 -ലെ നം.72859/എസ്.ഡി1/09/പൊ.ഭ.വ വിജ്ഞാപന പ്രകാരം 1428 കായികതാരങ്ങൾ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കായി അപേക്ഷ സമർപ്പിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ